(സി) നിലവിൽ പ്രീ-സ്കൂളുകളുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രീ-സ്കൂൾ ജീവനക്കാർക്കായി മിനിമം വേതനം നിശ്ചയിക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സ്കൂളുകളോടനുബന്ധിച്ച് സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-സ്കൂളുകളും, പിടിഎ-കളുടെ ചുമതലയിലുള്ള പ്രീ-സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**വൊക്കേഷണൽ ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ**

25(714) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ നോൺ വൊക്കേഷണൽ തസ്തികയിലേക്ക് സർവ്വീസിലുള്ള എൽപിഎസ്എ/യുപിഎസ്എ, എച്ച്എസ്എ-മാർക്ക് 5% 15% വീതം സംവരണം ഏർപ്പെടുത്തിയതുപോലെ വൊക്കേഷണൽ ടീച്ചർ തസ്തികയിലും സംവരണം ഏർപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഫയലുകളിലെ നടപടി**

26(715) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ താഴെപ്പറയുന്ന ഫയലുകളിൽ എടുത്ത തുടർനടപടി വെളിപ്പെടുത്തുമോ ?

(എ) P4 22129/2009

(ബി) P4 2078/2010

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

രണ്ടു ഫയലുകളും ശ്രീമതി എൽ. വിജയകുമാരി അമ്മ (റിട്ടയേർഡ് എച്ച്.എസ്.എ., വി.വി.എച്ച്.എസ്. അയത്തിൽ, കൊല്ലം)യുടെ പരാതി സംബന്ധിച്ചുള്ളതാണ്. 2010-ലെ പി.4/2078 എന്ന ഫയൽ 2009-ലെ പി4/22129 എന്ന ഫയലിനോടൊപ്പം ലിങ്ക് ചെയ്തിട്ടുള്ളതിനാൽ നിലവിൽ പി 4/22129/09 എന്ന ഫയൽ മാത്രമേ ഉള്ളൂ. ശ്രീമതി എൽ. വിജയകുമാരി അമ്മ സർവ്വീസിൽ നിന്ന് വിരമിക്കുമ്പോൾ 7 വർഷവും 9 മാസവും 13 ദിവസത്തെയും സർവ്വീസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. മിനിമം പെൻഷൻ ലഭിക്കുന്നതിന് 10 വർഷം സർവ്വീസ് ആവശ്യമാണ്. ശ്രീമതി വിജയകുമാരി അമ്മയുടെ സർവ്വീസിന് എക്സ്ഗ്രേഷ്യാ പെൻഷനു മാത്രമേ അർഹതയുള്ളൂ. എന്നാൽ തന്റെ എംപ്ലോയ്മെന്റ് സർവ്വീസുകൂടി കണക്കാക്കി മിനിമം പെൻഷൻ അനുവദിക്കണമെന്ന് ശ്രീമതി വിജയകുമാരി അമ്മ സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ സർക്കാർ സ്കൂളിലെ താൽക്കാലിക സേവനം എയ്ഡഡ് സ്കൂൾ സർവ്വീസിൽ ഇൻക്രിമെന്റിനും പെൻഷൻ ആനുകൂല്യങ്ങൾക്കും പരിഗണിക്കാൻ കഴിയുകയില്ല എന്നും എക്സ്ഗ്രേഷ്യാ പെൻഷൻ മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ എന്നും സർക്കാർ തീരുമാനമെടുത്തത് അപേക്ഷകയെ അറിയിച്ചിരുന്നു. 30-5-2008-ൽ ശ്രീമതി വിജയകുമാരി അമ്മ ടി വിഷയം പുനഃപരിശോധിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ നൽകുകയുണ്ടായി. സർക്കാർ ഈ വിഷയം പരിശോധിച്ച് 24-2-2010-ലെ ജി.ഒ. (ആർ.ടി) നമ്പർ 871/2010/പൊ.വി. നമ്പർ ഉത്തരവു പ്രകാരം അപേക്ഷ നിരസിക്കുകയും അക്കാര്യം അപേക്ഷകയെ അറിയിക്കുകയും ചെയ്തു. എന്നാൽ എക്സ്ഗ്രേഷ്യാ പെൻഷനുവേണ്ടി ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല.

**എൻക്വയറി ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ**

27(716) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാഭവൻ, ഡി.പി.ഐ., ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, കൊളീജിയറ്റ് എഡ്യൂക്കേഷൻ, വിവിധ സർവ്വകലാശാലാ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ യഥാസമയം ലഭിക്കാത്തതും എൻക്വയറി വിഭാഗങ്ങളിൽനിന്നും പലപ്പോഴും മാന്യമായ സേവനം ലഭിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ കാലവിളംബം കൂടാതെയും തെറ്റുകൾ കൂടാതെയും നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ഓഫീസുകളിലെ എൻക്വയറി ഓഫീസർമാർക്ക് മതിയായ പരിശീലനം നൽകുന്നതിന് എന്ത് നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.